LEARNING AND INNOVATION SKILLS

CREATIVITY | CRITICAL THINKING | COMMUNICATION | COLLABORATION

അക്കാദമിക മാസ്റ്റർ പ്ലാൻ

2025-2026

ജി എച്ച് എസ് എസ് പട്ടിക്കാട്, തൃശ്ശൂർ

സ്കൂൾ കോഡ് 22057

തൃശ്ശൂർ വിദ്യാഭ്യാസജില്ല

ghsspattikad@gmail.com

ഉള്ളടക്കം

Vision....3
Mission....3
Motto....3
ചരിത്രം....4
ആമുഖം....5
സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി....6
അവസ്ഥാ പഠനം....7
പിന്തുണ....9
ഗണിതം....12
രസതന്ത്രം....15
ENGLISH....17
ഫിസിക്സ്....18
കലാവിദ്യാഭ്യാസം....19
ആരോഗ്യ കായിക വിദ്യാഭ്യാസം....29
ബയോളജി....32
മലയാളം....33
യു പി വിഭാഗം....34
സാമൂഹ്യശാസ്ത്രം....34
മലയാളം....35
U P ENGLISH CLUB....36
സൈക്കോ സോഷ്യൽ സ്കൂൾ കൗൺസിലിംഗ് പ്രോഗ്രാം....38
UP MATHEMATICS....41
ENGLISH – UP....42
കൺസ്യൂമർ ക്ലബ്ബ്....44
സയൻസ് ക്ലബ്....45
സയൻസ് ക്ലബ് യു പി....46
U.P. ENGLISH CLUB....49
സാമൂഹ്യശാസ്ത്ര ക്ലബ്, ഗാന്ധിദർശൻ ക്ലബ്....51
സയൻസ് ക്ലബ്....52

Vision

To be a premier learning hub of 21st century learning skills

Mission

Empower students to equip with an interconnected world by inculcating critical thinking, creativity, collaboration and communication

Motto

Discover…. Create…. Succeed

ചരിത്രം

ഗവ. ഹയർ സെക്കന്ററി സ്കൂൾ പട്ടിക്കാട്, തൃശൂർ

വെള്ളാനിമലയ്ക്കും പീച്ചിക്കാടുകൾക്കും ഇടയിൽ വ്യാപിച്ചു കിടക്കുന്ന ഗ്രാമമാണ് പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ പട്ടിക്കാട്. ഗിരിവർഗ്ഗക്കാരായ മലയൻമാരാണ് ഇവിടത്തെ ആദ്യകാല ജനവിഭാഗം. കേരളത്തിന്റെ പലഭാഗത്തുനിന്നായി കുടിയേറിപ്പാർത്ത ജനങ്ങളാണ് പട്ടിക്കാടിന്റെ വളർച്ചയ്ക്ക് തുടക്കം കുറിച്ചത്. വലിയവീട്ടിൽ കുഞ്ചപ്പൻപണിക്കരുടെ നേതൃത്വത്തിൽ ചെമ്പൂത്രയിൽ നടന്നിരുന്ന അനൗപചാരിക വിദ്യാഭ്യാസത്തിൽ നിന്നാണ് ഗ്രാമീണർ അറിവിന്റെ നെയ്ത്തിരി കൊളുത്തിയത്. കുഞ്ചപ്പൻപണിക്കരുടെ കളരി 1905 ൽ പട്ടിക്കാട് കൽദായ സുറിയാനി പള്ളിയോട് ചേർന്ന വൈക്കോൽ ഷെഡ്ഡിലേയ്ക്ക് മാറ്റി സ്ഥാപിച്ചു. കൊച്ചി രാജ്യത്ത് സാർവത്രിക വിദ്യാഭ്യാസം പ്രചരിച്ചതോടെ രാജ്യമെമ്പാടും സർക്കാർ 'മലയാള പാഠശാല' എന്ന

പേരിൽ പ്രൈമറി സ്കൂളുകൾ ആരംഭിച്ചു. അക്കൂട്ടത്തിൽ 1909 ൽ പട്ടിക്കാടും ഒരു സ്കൂളിന് അംഗീകാരം ലഭിച്ചു. സർക്കാർ വക സ്ഥലമോ കെട്ടിടമോ ഇല്ലാതിരുന്നതിനാൽ കൽദായ പള്ളിയോട് ചേർന്ന് നടത്തിയിരുന്ന കുഞ്ചപ്പൻപണിക്കരുടെ പള്ളിക്കൂടത്തെ മലയാള പാഠശാലയാക്കി. 26-02-1909 ന് വിദ്യാലയത്തിൽ പ്രവേശനം നേടിയ പ്രഥമവിദ്യാർത്ഥി ചിറ്റിപ്പറമ്പിൽ പൈലോത് മകൻ വാറു ആണ്. അന്നത്തെ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന തെറ്റാട്ട് കൃഷ്ണൻകുട്ടി മേനോനും മറ്റു പൗരപ്രമുഖരും ചേർന്ന് പള്ളിയുടെ കിഴക്ക് ഭാഗത്ത് പഴയ ദേശീയപാതയുടെ ഓരത്ത് തദ്ദേശവാസികളുടെ ഒരു ഏക്കർ 13 സെന്റ് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിച്ചു. 1947-48 ൽ പള്ളിയിൽ നിന്ന് സർക്കാർ കെട്ടിടത്തിലേയ്ക്ക് സ്കൂൾ മാറ്റി സ്ഥാപിച്ചു. അതോടെ പള്ളി സ്കൂൾ സർക്കാർ പ്രൈമറി സ്കൂളായി. 1964-65 ൽ ഹൈസ്കൂൾ ആരംഭിച്ചു. 1966-67 ൽ പ്രഥമ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി. 1968 ൽ പ്രൈമറി വിഭാഗത്തെ വേർപ്പെടുത്തി. 1998 ൽ ഹയർ സെക്കണ്ടറി ആരംഭിച്ചു.

ആമുഖം

പരിഷ്കരിച്ച പാഠ്യപദ്ധതിയും പാഠപുസ്തകവും മുന്നോട്ടുവെക്കുന്ന സമീപനവും, മാറുന്ന വിദ്യാഭ്യാസ രീതികളും പ്രക്രിയയും ലക്ഷ്യമിടുന്നത് അക്കാദമികവും സാമൂഹികവുമായ അറിവുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതുതന്നെയാണ്. കുട്ടികളുടെ സമഗ്രവികാസം ഉറപ്പാക്കുന്നതിനുള്ള സമഗ്ര ഗുണമേന്മാ പദ്ധതി വർഷമാണ് ഈ അക്കാദമിക വർഷം. പൊതുവിദ്യാഭ്യാസവകുപ്പ് ലക്ഷ്യമിടുന്ന കുട്ടികളുടെ സമഗ്രവികാസം സാധ്യമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ വിദ്യാലയത്തിൽ ഈ വർഷം മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അത് കേവലം ക്ലാസ് മുറി പ്രവർത്തനങ്ങളിലൂടെ മാത്രം സാധ്യമാകുന്ന ഒന്നല്ല. മറിച്ച് വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും പൊതുസമൂഹവും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുമ്പോൾ കുട്ടികൾക്ക് ശരിയായ രീതിയിൽ സാമൂഹികമായി ഇടപെടാനും സാധിക്കുകയും അതിലൂടെ സാമൂഹികമൂല്യബോധവും സഹജീവിസ്നേഹവുമുള്ള കുട്ടികളായി വളരുവാനും സാധിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങളോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ ഏർപ്പെടേണ്ടതുണ്ട്. സമഗ്രവികാസമെന്നത് കേവലമായ അറിവുല്പാദനമല്ല മറിച്ച് കുട്ടി ജീവിക്കുന്ന കാലഘട്ടത്തോടൊപ്പം നിലനിൽക്കുന്നതിനാവശ്യമായ അറിവും അനുഭവവും ഉള്ളവരായി മാറുക എന്നതാണ്. അതുകൊണ്ടുതന്നെ ഓരോ കുട്ടിയേയും

വ്യക്തിഗതമായി പരിഗണിച്ച് അവരുടെ കഴിവുകളും അതോടൊപ്പം പിന്തുണ ആവശ്യമുള്ളമേഖലകളും കണ്ടെത്തി പരിഹാരപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സമഗ്ര വികാസം ഉറപ്പുവരുത്തുക എന്നത് എല്ലാവരുടേയും കൂട്ടായ പ്രവർത്തനം ആവശ്യപ്പെടുന്ന ബൃഹത്തായ പദ്ധതിയാണ് എല്ലാവരുടേയും പിന്തുണ ഉണ്ടാകുമെന്ന ഉറപ്പിൽ നമ്മൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഓരോ കുട്ടിയും ഓരോ ക്ലാസ്സിലും നേടേണ്ടതായ അറിവും ശേഷിയും ഉറപ്പുവരുത്തുക എന്നതോടൊപ്പം ഏതെങ്കിലുമൊരു പാഠ്യേതരപ്രവർത്തനത്തിൽ കൂടി മികവുപുലർത്തുന്നതിനാവശ്യമായ പരിശീലനങ്ങൾ, മികച്ച ഭൗതിക സാഹചര്യങ്ങൾ, കലാവിദ്യാഭ്യാസം, കായിക വിദ്യാഭ്യാസം, വിവിധ ക്ലബ് പ്രവർത്തനങ്ങൾ, വിവരവിനിമയ സാങ്കേതിക വിദ്യ, ഹരിത വിദ്യാലയം, ശുചിത്വ വിദ്യാലയം, വിവിധങ്ങളായ അധിക പരിശീലനങ്ങൾ എന്നിങ്ങനെ കുട്ടികളുടെ വികാസമേഖലകളെയെല്ലാം പരിപോഷിപ്പിക്കുന്ന പ്രവർത്തനങ്ങൾ രക്ഷിതാക്കളുടേയും പൊതുസമൂഹത്തിന്റെയും, വിവിധ സംവിധാനങ്ങളുടേയും സഹായത്തോടെ ഏറ്റവും നല്ല രീതിയിൽ നടപ്പിലാക്കാൻ സാധിക്കുമെന്നും, അതുവഴി ഗ്രാമീണനന്മയുടെ ഈ പൊതുവിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി ഉയർത്തികൊണ്ടുവരാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു മികച്ച അധ്യയന വർഷത്തിനായി നമുക്കൊരുമിച്ച് പ്രവർത്തിക്കാം. മക്കൾ മിടുക്കരായി വളരട്ടെ.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന അക്കാദമിക നേട്ടങ്ങൾ അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പാക്കുക മൂല്യനിർണയ രീതിശാസ്ത്രം കാര്യക്ഷമമാക്കുക പരിഷ്കരിക്കുക സാങ്കേതികവിദ്യ സൗഹൃദ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക അധ്യാപക പരിശീലന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക വിദ്യാലയ സമിതികളും മറ്റു വകുപ്പുകൾ സ്ഥാപനങ്ങളുമായുള്ള സഹകരണവും പിന്തുണയും ശക്തിപ്പെടുത്തുക തുടങ്ങിയവയാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ പ്രധാനമായ ലക്ഷ്യം ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളിലും കേന്ദ്രങ്ങൾ ആക്കി മാറ്റുന്ന ഇതിന്റെ ഭാഗമായി പട്ടിക്കാട് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികളുടെ സമഗ്ര വികാസത്തിന് അനുകൂലമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും പ്രായത്തിന്റെ അനുസൃതമായും കരിക്കുല വിഭാവന ചെയ്ത പ്രകാരവും ഏറ്റവും

മികവാർന്ന തരത്തിൽ വികസിപ്പിക്കേണ്ടത് ഉണ്ട് കാര്യങ്ങൾ ഉറപ്പയും എന്തെല്ലാം കൃത്യമായ ആസൂത്രണം ചെയ്തിരിക്കുന്നതാണ് സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ അക്കാദമികസൂത്രണത്തിന് ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷതമായി കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയൂ. ഒരു ഈ സ്ഥാപനത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് വേണ്ടി തയ്യാറാക്കുന്ന സമഗ്രമായ അക്കാദമിക മാസ്റ്റർ പ്ലാൻ ഈ സ്ഥാപനത്തിൻറെ അക്കാദമി ആസൂത്രണത്തിനും സ്വയം സജ്ജമാകുന്നതിനും സഹായകമായ അക്കാദമിക ചാട്ടക്കോടാണ് വ്യക്തിഗത വിഷയത്തിൽ ക്ലാസ് തല അക്കാദമിക മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളത്

ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ വിദ്യാലയത്തിന്റെ ദർശനങ്ങളെ സംബന്ധിച്ച ധാരണ പ്രതിഫലിക്കുന്നതും വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും അക്കാദമി മേന്മകൾ വരച്ചുകാട്ടുന്നതും സംസ്ഥാനതലത്തിൽ തയ്യാറാക്കിയ സ്കീം ഓഫ് വർക്ക് അനുസരിച്ച് പഠന ലക്ഷ്യങ്ങൾ പൊതുവായി വിഷയാടിസ്ഥാനത്തിൽ ഉള്ളതും ജില്ലാ അടിസ്ഥാനത്തിലുള്ള പ്രത്യേക പദ്ധതികൾക്ക് ഇടം ഉള്ളതും പ്രത്യേക ശ്രദ്ധവേണ്ട കുട്ടികൾക്ക് (മലയോരം തീരദേശം തോട്ടമേഖല തുടങ്ങിയത്) വിദ്യാലയം മുന്നോട്ടുവയ്ക്കുന്ന ലക്ഷ്യപൂർത്തിയിലെത്താനുള്ള വഴികൾ, തന്ത്രങ്ങളും എന്തെല്ലാമെന്നും അക്കാദമി പുരോഗതിയുള്ള പടവുകൾ വ്യക്തമാക്കുകയും അക്കാദമിക വിഭവവിനിയോഗം, വിവരവിനിമയ സാങ്കേതികതയുടെ ഉപയോഗം, വിദ്യാലയ സൂക്ഷ്മാസൂത്രണം തുടങ്ങിയവ പരിഗണിച്ചു കൊണ്ടുള്ളതാണ്.

അവസ്ഥാ പഠനം

എസ് എസ് എൽ സി 2024-25 അവലോകനം

മെയ് മാസത്തിൽ തന്നെ എസ് എസ് എൽ സി പരീക്ഷയെ മുന്നിൽ കണ്ടുകൊണ്ട് പത്താം ക്ലാസ്സിലെ എല്ലാ വിദ്യാർത്ഥികളുടെയും വീടുകൾ സന്ദർശിക്കുകയും രക്ഷിതാക്കളെ നേരിൽ കണ്ട് സംസാരിക്കുകയും ഒപ്പം കുട്ടികളുടെ പഠനസാഹചര്യങ്ങൾ

വിലയിരുത്തി പഠനപിന്തുണ ഉറപ്പുനൽകുകയും ചെയ്തിരുന്നു. മൂല്യനിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് വേണ്ട പിന്തുണ നൽകുകയും ചെയ്തിരുന്നു. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ വീടുകളിൽ പോയി വീണ്ടും രക്ഷിതാക്കളെ കണ്ട് കാര്യങ്ങൾ ബോധ്യപ്പെടുത്തുകയും ചെയ്തു.ആദ്യം കണ്ടെത്തിയ പഠനത്തിൽ ബുദ്ധിമുട്ട് നേരിടുന്ന 78 കുട്ടികളിൽ നിന്ന് പിന്നീട് നടത്തിയ മൂല്യനിർണ്ണയത്തിന് ശേഷം കുട്ടികളുടെ എണ്ണം 45 ആയി കുറഞ്ഞു.ഈ 45 കുട്ടികളെ ഒരു ക്ലാസ്സിലേക്ക് മാറ്റുകയും ഇവരെ മിത്രം പദ്ധതിയിൽ ഉൾപ്പെടുത്തുകയും പ്രത്യേക പരിഗണന നൽകി പഠിക്കാൻ വേണ്ട എല്ലാ പിന്തുണയും നൽകിയിരുന്നു.

തോൽവി സംഭവിച്ച 8 കുട്ടികളുടെയും വീടുകൾ പലതവണ സന്ദർശിച്ചിരുന്നു. പഠനത്തിന് അനുകൂലമായ സാഹചര്യമോ, പഠനത്തിൽ ശ്രദ്ധിക്കാൻ പ്രാപ്തരോ ആയിരുന്നില്ല മിക്ക രക്ഷിതാക്കളും. അക്ഷയ് ഉണ്ണികൃഷ്ണൻ (അച്ഛൻ ഇല്ല), അമൽ (കാവൽ പ്ലസ് ഏറ്റെടുത്ത കുട്ടി), മനു വത്സൻ, മുബഷിർ ഈ കുട്ടികൾക്ക് തുടർച്ചയായി സ്കൂളിൽ എത്തിച്ചേരാൻ സാധിച്ചിരുന്നില്ല. ഓരോ പ്രാവശ്യവും ഈ കുട്ടികളെ ക്ലാസ്സിൽ എത്തിക്കാൻ വേണ്ടി അധ്യാപകർ നേരിട്ട് വീടുകളിൽ പോകുകയും ചില സന്ദർഭങ്ങളിൽ പി ടി എ, എസ് എം സി, SC പ്രൊമോട്ടർ, വാർഡ് മെമ്പർമാർ, എന്നിവരുടെ സഹായം തേടുകയും അവരുടെ നേതൃത്വത്തിൽ കുട്ടികളെ സ്കൂളിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. അനുരുധ്(മണിയൻ കിണർ) ജയൻ കൃഷ്ണൻ(മംഗലം ഡാം) ജിബിൻ(ഒളകര) പവനീത് (മണിയൻ കിണർ)ഈ കുട്ടികൾ ചുവന്നമണ്ണ് എസ് റ്റി ഹോസ്റ്റലിൽ താമസിച്ചാണ് പഠിക്കുന്നത്.ഇവരുടെ പഠനവുമായി ബന്ധപ്പെട്ട് നിരന്തരം ഹോസ്റ്റൽ സന്ദർശിക്കുകയും വാർഡനോട് സംസാരിക്കുകയും ചെയ്തിട്ടുണ്ട്.

സ്പെഷ്യലിസ്റ്റ് അധ്യാപികയുടെ വിലയിരുത്തൽ പ്രകാരം ചില കുട്ടികൾക്ക് പഠനവൈകല്യമുണ്ടോ എന്നറിയാൻ നടത്തുന്ന ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നത് നന്നായിരിക്കും എന്ന് അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ ഓരോ കുട്ടികളുടെ രക്ഷിതാക്കളെയും നേരിൽകണ്ട് സംസാരിച്ചിരുന്നു. രക്ഷിതാക്കളുടെ താല്പര്യക്കുറവ് മൂലം ടീച്ചർ നിർദ്ദേശിച്ച കുട്ടികളിൽ ചിലരെ ടെസ്റ്റിന് പങ്കെടുപ്പിക്കാൻ സാധിച്ചില്ല.

SSLC പരീക്ഷക്ക് മുൻപും പരീക്ഷയുടെ ഇടയിൽ വരുന്ന ഓരോ അവധി ദിവസങ്ങളിലും മിത്രം ക്ലാസ്സിലെ കുട്ടികളെ വരുത്തുകയും പഠിപ്പിക്കുകയും ഉത്തരങ്ങൾ എഴുതേണ്ട രീതി നിരന്തരം പരിശീലിപ്പിക്കുകയും ചെയ്തിരുന്നു. 188 കുട്ടികൾ എഴുതിയ പരീക്ഷയിൽ 8 കുട്ടികൾ തോൽക്കാൻ ഉള്ള സാധ്യത ഇല്ലെന്ന് വിഷയം പഠിപ്പിച്ച

അധ്യാപകർ ഉറപ്പിച്ചു പറയുന്നുണ്ട്. ഈ സാഹചര്യത്തിൽ അധ്യാപകരുടെ നേതൃത്വത്തിൽ ഈ കുട്ടികളുടെ ഉത്തരക്കടലാസ് പുനർമൂല്യനിർണ്ണയം നടത്തുന്നതിന് വേണ്ട കാര്യങ്ങൾ ചെയ്തിട്ടുണ്ട്. പുനർമൂല്യനിർണ്ണയത്തിൽ തോൽവി സംഭവിച്ച കുട്ടികളിലെ മിക്കവരും ജയിക്കും എന്ന് തന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

പിന്തുണ

പഠനത്തിൽ പിന്നാക്കം നിൽക്കുന്ന എസ് എസ് എൽ സി വിദ്യാർത്ഥികൾക്ക്, ഗുണമേന്മയുള്ള വിജയം ഉറപ്പാക്കുന്നതിനായി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ വിദ്യാഭ്യാസ പദ്ധതിയാണ് "മിത്രം". രണ്ടാം പാദവാർഷിക പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ 44 വിദ്യാർത്ഥികളെ കണ്ടെത്തി അവരെ ഉൾപ്പെടുത്തി മിത്രം ക്ലാസ് രൂപീകരണം 31/12/24 ന് നടന്നു. പഠനസമയം ക്രമീകരിക്കുന്നതിന് പ്രത്യേകം ടൈംടേബിൾ തയ്യാറാക്കി. മിത്രം പദ്ധതിയെക്കുറിച്ചും അതിന്റെ ലക്ഷ്യങ്ങളെക്കുറിച്ചും രക്ഷിതാക്കളെ അറിയ്ക്കുന്നതിനായി ജനുവരി ഒന്നിന് ക്ലാസ് പിടിഎ നടത്തി. എന്നാൽ രക്ഷിതാക്കളുടെ പങ്കാളിത്തം തീരെ കുറവായിരുന്നു. മീറ്റിംഗിൽ പങ്കെടുക്കാതിരുന്നവരെ ഫോണിൽ വിളിക്കുകയും സംസാരിക്കുകയും ചെയ്തു. മിത്രം പദ്ധതിയുടെ സ്റ്റഡിമെറ്റീരിയൽ പുസ്തകത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികൾക്ക് അവബോധം നൽകി.

ജനുവരി 13 ന് തന്നെ ഫസ്റ്റ് ടേം പരീക്ഷ ആരംഭിച്ചു. മകര ചൊവ്വ ആയതിനാൽ 22 കുട്ടികൾ മാത്രമാണ് കൃതമായ ദിവസങ്ങളിൽ പരീക്ഷ എഴുതിയത്. കുറച്ചു കുട്ടികളുടെ നിലവാരം അല്പം ഉയർന്നതായി അനുഭവപ്പെട്ടു. സ്ഥിരമായി മുടങ്ങുന്ന കുട്ടികൾ പരീക്ഷാസമയങ്ങളിലും അത് തുടർന്നു. അവലോകനത്തിനായി രക്ഷിതാക്കളുടെ മീറ്റിംഗ് വിളിച്ചിട്ട് 44 കുട്ടികളിൽ 8 പേരുടെ രക്ഷിതാക്കളാണ് പങ്കെടുത്തത്. അതും മാർക്കിൽ പുരോഗതിയുള്ളവരുടെ രക്ഷിതാക്കൾ മാത്രം. രണ്ടാം പരീക്ഷയിൽ പൊതുവേ മാർക്കിൽ കാര്യമായ പുരോഗമനം ഉണ്ടാവാത്തതിനാൽ കൂടുതൽ മുന്നൊരുക്കങ്ങളുടെയാണ് പിന്നീടുള്ള പഠനം ക്രമീകരിച്ചത്. മൂന്നാം ടേം പരീക്ഷയുടെ തലേ ദിവസങ്ങളിലെ ഇവനിങ് ക്ലാസുകളിലും പരീക്ഷാ ദിവസങ്ങളിൽ പരീക്ഷയ്ക്ക് മുമ്പും അതേ വിഷയങ്ങൾ പഠിപ്പിച്ചതിനുശേഷമാണ് പരീക്ഷകൾ നടത്തിയത്. കൂടുതൽ പ്രതീക്ഷയേകുന്ന തരത്തിൽ മാർക്കിൽ പുരോഗമനം ഉണ്ടായി. എസ് എസ് എൽ സി മോഡൽ പരീക്ഷയ്ക്ക് ശേഷം നടത്തേണ്ട "മിത്രം മോഡൽ പരീക്ഷ" ഓരോ എസ് എസ് എൽ സി പരീക്ഷയ്ക്ക് മുമ്പുള്ള ദിവസങ്ങളിൽ കൊടുക്കുന്ന ക്ലാസുകളിൽ വിശകലനം ചെയ്യാറുണ്ടായിരുന്നു. മിത്രം ക്ലാസ്സ് രൂപീകരണത്തിന് ശേഷം പൊതു അവധി ദിവസങ്ങളിലും, കെട്ടിട ഉദ്ഘാടന ദിവസവും ഒഴികെ ഒരു ദിവസം പോലും മുടങ്ങാതെ പഠനം മുന്നോട്ടു കൊണ്ടുപോകാൻ സാധിച്ചു. എങ്കിലും പല കുട്ടികളും ഈവനിംഗ് ക്ലാസ്സിൽ ഇരിക്കാൻ തയ്യാറാകാതെ ഇറങ്ങി ഓടുന്ന അവസ്ഥ വരെ ഉണ്ടായിരുന്നു. അവരുടെ കാര്യത്തിൽ ഹോസ്റ്റൽ വാർഡനും, രക്ഷിതാക്കളും കയ്യൊഴിഞ്ഞെങ്കിലും അധ്യാപകർ പലതവണ സംസാരിച്ചതിലൂടെ കുറച്ചു കുട്ടികൾ

ക്ലാസിൽ ഇരിക്കാൻ തയ്യാറായി. പരീക്ഷാദിവസങ്ങളിലും, ഇടയിലും ഉള്ള ദിവസങ്ങളിലും കൃത്യമായി നിർദ്ദേശങ്ങൾ നൽകി പഠനം കൂടുതൽ ശക്തമായി മുന്നോട്ടു പോയെങ്കിലും പല കുട്ടികളും ക്ലാസ് അറ്റൻഡ് ചെയ്യാൻ തയ്യാറായില്ല. ഐ ടി പരീക്ഷയ്ക്ക് കുട്ടികൾക്ക് ആവശ്യമായ റിഫ്രഷ്മെന്റ് നൽകിയിരുന്നു. പരീക്ഷ ദിവസങ്ങളിലും ഉച്ചഭക്ഷണം നൽകിയിട്ടും അത് കഴിച്ചശേഷം ക്ലാസ് കട്ട് ചെയ്തു പോകുന്ന കുട്ടികളുമുണ്ടായിരുന്നു. പരീക്ഷക്കിടയിലെ രണ്ടാം ശനിയാഴ്ച പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും ആത്മാർത്ഥതയോടെയും കൃത്യതയോടെയും സ്നേഹവാത്സല്യങ്ങളോടെയും അധ്യാപകർ ഉത്തരവാദിത്വം നിറവേറ്റാൻ ശ്രമിച്ചിട്ടുണ്ട് അത് തിരിച്ചറിഞ്ഞ് മക്കളിൽ നിന്ന് ഗുണമേന്മയുള്ള വിജയം പ്രതീക്ഷിച്ചിരുന്നു.

ആത്മമിത്രം

"മിത്രം"പദ്ധതിയിൽ ഉൾപ്പെടുത്തി പഠിപ്പിച്ചിട്ടും മാർക്കിൽ ഒരു വ്യത്യാസവും വരാത്ത കുട്ടികളെയും സ്ഥിരം മുടങ്ങുന്ന ശീലമുള്ളവരെയും ഉൾപ്പെടുത്തി ആത്മമിത്രം എന്ന പേരിൽ പുതിയൊരു ഗ്രൂപ്പ് ഉണ്ടാക്കി. പരീക്ഷയ്ക്ക് ഏറ്റവും തവണ ആവർത്തിച്ചിട്ടുള്ള ചോദ്യങ്ങൾ ഏറ്റവും ലളിതമായ നോട്ടുകളാക്കി എഴുതി പ്രിൻറ് എടുത്ത് കുട്ടികൾക്ക് കൊടുക്കുകയും, ആവർത്തിച്ച് എഴുതി പഠിപ്പിക്കുകയും ചെയ്തിരുന്നു.

ഗൃഹസന്ദർശനം

അധ്യാപകർ, വാർഡ് മെമ്പർ, പിടിഎ, എസ് ടി പ്രമോട്ടർ, എന്നിവരുടെ സഹായത്താൽ കുട്ടികളുടെ വീടുകളിൽ സന്ദർശനം നടത്തി. പ്രത്യേക പിന്തുണവേണ്ട 19 കുട്ടികളടങ്ങുന്നതായിരുന്നു മിത്രം ക്ലാസ്സ്. മറ്റ് പല കുട്ടികളും, സാമ്പത്തികമായും, സാമൂഹികമായും, വിദ്യാഭ്യാസപരമായും വളരെ പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്ന് ഉള്ളവരാണ്. പല കുട്ടികൾക്കും പഠനത്തിനോട് ഒട്ടും താല്പര്യമില്ല. സ്കൂളിൽ പോകാൻ രക്ഷിതാക്കൾ നിർബന്ധിച്ചാൽ വീടുവിട്ടു പോകുന്ന കുട്ടികളുമുണ്ട്. കൃത്യമായ കൗൺസിലിംഗ് നൽകിയിട്ടും അവരുടെ മനോഭാവത്തിൽ പ്രത്യക്ഷമായ മാറ്റങ്ങൾ ഒന്നും പ്രകടമായിരുന്നില്ല. ഇതിൽ തന്നെ പഠനവൈകല്യമുള്ള കുട്ടികൾ ഉണ്ടെങ്കിലും സാമ്പത്തിക സഹായം നൽകാൻ തയ്യാറായിട്ടും, പലരുടെയും രക്ഷിതാക്കൾ ടെസ്റ്റിന് കൊണ്ടുപോകാൻ തയ്യാറാകാത്തവരും ഉണ്ട്. മക്കളെ എസ് എസ് എൽ സി തോറ്റാലും ഇങ്ങനെ ഒരു സർട്ടിഫിക്കറ്റ് വാങ്ങാൻ തയ്യാറല്ല എന്നാണ് രക്ഷിതാക്കളുടെ നിലപാട്. കൂടുതൽ കുട്ടികൾ ചുവന്നമണ്ണ് പ്രീമെട്രിക് ഹോസ്റ്റലിൽ നിന്ന് ആയതുകൊണ്ട് തന്നെ മിത്രം പുസ്തകം ലഭ്യമായതിന്റെ തൊട്ടടുത്ത ദിവസം തന്നെ പിടിഎ, ടീച്ചേഴ്സ് എന്നിവരടങ്ങുന്ന സംഘം അവിടെയെത്തി വാർഡനും കുട്ടികൾക്കും മിത്രം പുസ്തകം പരിചയപ്പെടുത്തി. എസ്എസ്എൽസി പരീക്ഷയിൽ മികച്ച വിജയം നേടുന്നതിന് മിത്രം പുസ്തകം മാത്രംമതിയെന്ന് ബോധ്യപ്പെടുത്തുകയും ചെയ്തു. കൂടാതെ ഗൃഹ സന്ദർശനങ്ങളിൽ മിത്രം ബുക്കിന്റെ പ്രാധാന്യം ഓരോ കുട്ടിയെയും

കുടുംബത്തെയും ബോധ്യപ്പെടുത്തി. വേണ്ടരീതിയിലുള്ള ഇടപെടലുകൾ തുടക്കം മുതൽ തന്നെ പി ടി എ, എസ് എം സി , എം പി ടി എ എന്നീ സമിതികളുടെ ശക്തമായ പിന്തുണ നമ്മുടെ സ്കൂളിലുണ്ടായിരുന്നു. കുട്ടികളുടെ ഗൃഹസന്ദർശനം, റിഫ്രഷ്മെന്റ്, പ്രോത്സാഹനം തുടങ്ങിയവയിൽ അവരുടെ സഹായസഹകരണങ്ങൾ ലഭിക്കുന്നുണ്ടായിരുന്നു. കൂടാതെ എസ് എസ് എൽ സി പരീക്ഷാദിവസങ്ങളിൽ നേരത്തെ തന്നെ സ്കൂളിൽ എത്തുകയും പരീക്ഷയ്ക്ക് കുട്ടിയുടെ സാന്നിധ്യം ഉറപ്പാക്കുകയും ചെയ്തിരുന്നു. പരീക്ഷ എഴുതിക്കഴിഞ്ഞിറങ്ങുന്ന കുട്ടികളുടെ അഭിപ്രായങ്ങൾ അറിയുന്നതിനും, കൃത്യമായി അവർ സ്കൂളിൽ എത്തുമായിരുന്നു.

മിത്രം പഠന സമയം - Time table

11 /3/ 2025 ചൊവ്വ- 9 .30 മുതൽ 12 .30 വരെ ബയോളജി 1 .30 മുതൽ 2 .30 വരെ ഗണിതം 2 30 മുതൽ 5 മണി വരെ കെമിസ്ട്രി

12 3 2025 ബുധൻ - 9 30 മുതൽ 12 30 വരെ ഫിസിക്സ് 1 30 മുതൽ 2 30 വരെ ഗണിതം 2 30 മുതൽ 5 മണി വരെ ഹിന്ദി

13 3 2025 വ്യാഴം- 9 30 മുതൽ 11 മണിവരെ കെമിസ്ട്രി 11 മുതൽ 12 30 വരെ ഫിസിക്സ് ഒന്നേ 30 മുതൽ 2 .30 വരെ ഗണിതം 2.30 മുതൽ 5 മണി വരെ ബയോളജി

14 /3 /2025 വെള്ളി - ഗണിതം.

15 / 3/2025 ശനി ഗണിതം

മിത്രം കുട്ടികളുടെ മാർക്ക് വിശകലനം

മലയാളത്തിനും സംസ്കൃതത്തിനുമായി 36 കുട്ടികൾക്ക് C ഗ്രേഡിന് മുകളിൽ നേടാനായി അതിൽ ഒരാൾക്ക് A+ രണ്ട് ആൾക്ക് A ഗ്രേഡും ലഭിച്ചു. മലയാളം സെക്കൻഡിൽ 12 A , 1A+ അടക്കം 44 കുട്ടികളും C ക്ക് മുകളിൽ ഗ്രേഡ് വാങ്ങി. ഇംഗ്ലീഷ് ഒരാൾക്ക് A യും 40 കുട്ടികൾക്ക് C grade ന് മുകളിൽ ഗ്രേഡ് നേടാനായി. സാമൂഹ്യശാസ്ത്രം ഒരാൾക്ക് A+ അടക്കം 27 പേർക്ക് C. ഗ്രേഡ് നേടി. ഫിസിക്സിന് ഒരു A+ അടക്കം 33 കുട്ടികൾക്കും C ഗ്രേഡിന് മുകളിൽ മാർക്ക് ലഭിച്ചു. കെമിസ്ട്രിയിൽ 1 A അടക്കം 42 കുട്ടികൾക്ക് C ക്ക് മുകളിൽ മാർക്ക് ലഭിച്ചു. ബയോളജിയിൽ 1A യും 1A + പ്ലസും ഉൾപ്പെടെ 35 പേർക്ക് C ക്ക് മുകളിലും ഗണിതത്തിന് ഒരു A ഗ്രേഡ് ഉൾപ്പെടെ 18 കുട്ടികൾക്ക് C ഗ്രേഡിന് മുകളിൽ നേടാനായി. ഐടി ക്ക് മൂന്നുപേർക്ക് A& A+ എ പ്ലസ് ഉൾപ്പെടെ 43 പേർക്ക് C ക്ക് മുകളിൽ മാർക്ക് ലഭിച്ചു. മിത്രം കുട്ടികളിൽ 44 ൽ 36 പേർ പാസാവുകയും ഉപരിപഠനത്തിന് 8 പേർ യോഗ്യതനോടാതിരിക്കുകയും ഉണ്ടായി. 8 പേർക്കും സേ

പരീക്ഷ എഴുതുന്നതിന് മുമ്പായി പ്രസ്തുത വിഷയങ്ങളുടെ ക്ലാസ്സുകൾ നൽകിയിരുന്നു. എന്നാൽ രക്ഷിതാക്കളോടും കുട്ടികളോടും പല തവണ അറിയിച്ചിട്ടും സേ പരീക്ഷയ്ക്ക് വേണ്ടി നൽകിയിരുന്ന ക്ലാസിൽ ചിലർ എത്തിയിരുന്നില്ല. എട്ടുപേരിൽ അഞ്ച് കുട്ടികൾ സേ എഴുതി പാസാവുകയും ചെയ്തു. 2 കുട്ടികൾ സേ പരീക്ഷ എഴുതാൻ തയ്യാറായതുമില്ല..

ഹൈസ്കൂൾ വിഭാഗം

ഗണിതം

<u>ലക്ഷ്യം</u>

കുട്ടികളുടെ ഗണിത വൽക്കരണ ശേഷികൾ വികസിപ്പിക്കൽ ആണ് ഗണിത വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. എല്ലാ കുട്ടികളെയും ഗണിത പഠനത്തിന് താല്പര്യമുള്ളവർ ആക്കാൻ നമുക്ക് എന്തുചെയ്യാനാകും? കുട്ടികൾക്ക് ഭയം മാറി അത് ആസ്വദിക്കുന്ന അവസ്ഥ വരണം. കുട്ടികൾ ഗണിതം പഠിക്കണം. ഗണിതം പഠിക്കാൻ സൂത്രവാക്യങ്ങളും യാന്ത്രിക നടപടിക്രമങ്ങളും അല്ല എന്ന തിരിച്ചറിയുണ്ടാവണം. പ്രശ്നങ്ങൾ കണ്ടെത്താനും അവ പരിഹരിക്കാനും ഗണിതം സഹായകമാകണം. ക്ലാസിലെ ഓരോ കുട്ടിക്കും ഗണിതം തനിക്ക് പഠിക്കാൻ കഴിയും എന്ന് വിശ്വാസം ഉണ്ടാകണം. ഇതിനു സഹായകമായ പദ്ധതികളും പ്രവർത്തനങ്ങളുമാണ് നമുക്ക് ഉറപ്പാക്കേണ്ടത്.

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
ആശയധാരണ കൈവരിക്കൽ	പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ	ജൂൺ ആദ്യവാരം	അധ്യാപകർ മുന്നോട്ടു നിൽക്കുന്ന കുട്ടികൾ	
ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ	ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക.	ലാബ് സജ്ജീകരണം അവധിക്കാലത്ത്	പിടിഎ,ഗണിത അധ്യാപിക	

ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ പഠിപ്പിക്കൽ	വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു .	ജൂൺ മാസം	ഗണിത അധ്യാപിക	
ഗണിത ക്ലിനിക്	ഏറ്റവും മികച്ച വിദ്യാർഥികളെയും അധ്യാപകരെയും ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്	ഒരു വർഷം	ഗണിത അധ്യാപിക ഗണിത ക്ലാസ്	
നിർമ്മിതികളിലെ ശേഷി കൈവരിക്കൽ		ഒരു term ൽ ഒന്ന്		
ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ	ജ്യാമിതിയ പെട്ടിയുടെ ലഭ്യത,ശില്പശാലകൾ ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു	അക്കാദമിക വർഷത്തിലൊന്ന്	ഗണിത അധ്യാപിക മറ്റ് അധ്യാപകർ	
ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടുത്തൽ	ക്ലാസ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു	തുടർ പ്രവർത്തനം	പിടിഎ അധ്യാപകർ ഗണിത ക്ലബ്ബ്	
സംഘബോധം ഉണ്ടാക്കൽ	സംഘപ o നം	ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും	അധ്യാപകർ സംഘത്തലവൻ ഗണിത അധ്യാപകർ	
ഗണിത വിഷയത്തിന്		ആറുമാസം		

കുട്ടികളുടെ മികച്ച സംഭാവനകൾ Geogebra സോഫ്റ്റ് വെയറിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തൽ സാധ്യതകളുടെ ഗണിതത്തെ കുറിച്ച് അറിവ് നൽകുക സ്ഥിതി വിവരക്കണക്കിന്റെ വിവിധ ഭാഗങ്ങൾ മനസ്സിലാക്കി എടുക്കൽ ചോദ്യപേപ്പറുകൾ നൽകി പരീക്ഷയും മാതൃക മനസ്സിലാക്കി എടുക്കൽ	കുട്ടികൾ,കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകർ എന്നിവർ ചേർന്ന് ഗണിത ഗ്രാമം ഉണ്ടാക്കുന്നു Geogebra സോഫ്റ്റ്വെയർ സഹായത്തോടെ ജോമട്രിയിലെ പല പാഠഭാഗങ്ങൾ വ്യക്തമാക്കി കൊടുക്കുന്നു സാധ്യതകളുടെ ഗണിതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നു ഗൃഹപാഠം നൽകുന്നു ഉദാഹരണങ്ങളിലൂടെ ആശയം വ്യക്തമാക്കി നിരവധി വർക്ക് ഷീ റ്റുകൾ നൽകുന്നു ചോദ്യപേപ്പറുകൾ കോപ്പികൾ നൽകി ക്ലാസിൽ വ്യക്തമാക്കി കൊടുക്കുന്നു ഗൃഹപാഠം നൽകുന്നു	ഒരു മാസം രണ്ടാഴ്ച ഒന്നര മാസം ഒന്നരമാസം	ഗണിത അധ്യാപകർ ഗണിത അധ്യാപിക ഗണിത അധ്യാപിക ഗണിത അധ്യാപകർ ഗണിത അധ്യാപകർ	

രസതന്ത്രം

ആമുഖം

കുട്ടികളിൽ ശാസ്ത്ര അവബോധം പരീക്ഷണ -നിരീക്ഷണ പാടവം, ശാസ്ത്ര പഠനത്തോടുള്ള താൽപര്യം ജനിപ്പിക്കൽ എന്നിവ വളർത്തിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങളോടൊപ്പം രസതന്ത്ര പഠനം കൂടുതൽ മികവുറ്റത് ആക്കുന്നതിനും രസകരമാക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നു.

ലക്ഷ്യങ്ങൾ	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
ആറ്റത്തിന്റെഘടന,പീരിയോഡിക് ടേബിൾ ,ഓർഗാനിക് സംയുക്തങ്ങൾ എന്നിവയെ പറ്റി അടിസ്ഥാന ധാരണ കൈവരിക്കുക.	Slide പ്രസന്റേഷൻ Kalzium സോഫ്റ്റ്വെയർ ചാർട്ടുകൾ	ജൂൺ - ജൂലൈ	സയൻസ് അധ്യാപകർ	
ശാസ്ത്ര അവബോധം വളർത്തുക	ചാന്ദ്രദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം ലഘുപരീക്ഷണങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നതിന് കുട്ടികൾക്ക് അവസരം നൽകുന്നു. പരീക്ഷണങ്ങളിൽ CWSN കുട്ടികൾക്ക് പ്രാധിനിധ്യം ഉറപ്പുവരുത്തുന്നു.	ജൂലൈ	ശാസ്ത്ര ക്ലബ് അംഗങ്ങൾ	സയൻസ് ക്ലബ്

മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക.	ക്ലാസിനുള്ളിൽ ശാസ്ത്ര ലൈബ്രറി ,ശാസ്ത്ര മാസിക, പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക. സയൻസ്, ഐടി ലാബ് എന്നിവയുടെ ഉപയോഗം ,ആധുനികവൽക്കരണം. ഓസോൺ ദിനാചരണം	ആഗസ്റ്റ്	ശാസ്ത്ര അധ്യാപകർ	
പ്രകൃതിയും രസതന്ത്രവും പരിസ്ഥിതി മലിനീകരണം തടയുന്നതിനുള്ള മാർഗങ്ങളെ കുറിച്ച് ബോധവൽക്കരണം.	ജലത്തിന്റെ (കുടിവെള്ളം)ഗുണനിലവാര പരിശോധന ഫീൽഡ് വിസിറ്റ്	സെപ്റ്റംബർ - ഒക്ടോബർ		
ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തലും രസതന്ത്രത്തിന് അവർ നൽകിയ സംഭാവനകളെ പറ്റിയുള്ള അവതരണവും രസതന്ത്രം നിത്യജീവിതത്തിൽ	പ്രൊഫൈൽ തയ്യാറാക്കൽ സെമിനാർ ശാസ്ത്ര മാഗസിൻ തയ്യാറാക്കൽ	അക്കാദമിക വർഷം	സയൻസ് ക്ലബ് അംഗങ്ങൾ, ശാസ്ത്ര അധ്യാപകർ	
	നിത്യജീവിതത്തിൽ ഉപയോഗമുള്ള സോപ്പ്, ഡിറ്റർജന്റ്, ഡിഷ് വാഷ്, ഷാംപു എന്നിവയുടെ നിർമ്മാണം. സോഫ്റ്റ് ഡ്രിംഗ്സ്,	ജനുവരി ഫെബ്രുവരി		

	ഫുഡ് കളർ, പ്രിസർവേറ്റീവ് എന്നിവയുടെ ദോഷഫലങ്ങളെ കുറിച്ചുള്ള പ്രൊജക്ട് തയ്യാറാക്കൽ.	അക്കാദമിക വർഷം	ശാസ്ത്ര അധ്യാപകർ.	

ENGLISH

Aim	**Activity**	**Duration**	**Duty and Outcome**
English Assembly	Once a week all the items in Assembly done in English	Once a week	Club teacher - developing presentation skill and communicative English
Developing creative writing skill	Diary writing, giving opportunities to present lessons through different discourse such as conversation, diary entry, letter writing, news report	Daily	Class teacher and English teacher - writing skill is enhanced
Reading	Distribution of story books from library, newspapers reading, provide English and monthly newspapers to classrooms utilizing all library resources, distributing library books	Daily, newspaper reading, monthly distribution of library books	English teachers - Read and enjoy the stories and articles
Manuscript magazine	Making a record of the creative writing skill of learned things	Termly once	English teacher - developing creative writing and composition
Vocabulary Extension	Finding out the new and difficult words from text books, library books and newspapers and recording them with meanings.	2 days in a week	English teacher - developing a proper and basic vocabulary.
Skill of Translation	Translating Malayalam stories and news to English with the help of dictionary	Once in a month	English teacher and English club - functional English as a second language.
Creating an environment for English learning	Translating English lessons through English and thereby enabling their learning skill and listening skill and motivating	Daily	English teacher - creating conducive environment for learning English as a

	learners to communicate through English in English classes.		foreign language.
Language games and activities	Giving English puzzle, riddles and language games so as to create	Once in a week	English club - inculcating a proper attitude towards language learning methodology and interest.

1

ഫിസിക്സ്

ലക്ഷ്യം	പ്രവർത്തനങ്ങൾ	കാലം	ചുമതല	സാമ്പത്തികം
അത്ഭുത കണ്ണിലൂടെ കൗതുകം, ജിജ്ഞാസ , നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിക്കുക	ലഘു പരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കുവാൻ അവസരം നൽകുന്നു . മോഡലുകൾ നിർമ്മിക്കുവാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞുകൊടുത്തുകുട്ടിക ളെക്കൊണ്ട് മോഡൽ നിർമ്മിക്കുന്നു പാഠഭാഗവുമായി ബന്ധപ്പെട്ട വസ്തുക്കളുടെ പ്രദർശനം	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	സയൻസ് ക്ലബ് പി. ടി.എ
ശാസ്ത്ര ലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി നേടുകയും ചെയ്യുന്നു	ക്ലാസുകളിൽ സെമിനാർ പേപ്പറുകൾ അവതരിപ്പിച്ച മെച്ചപ്പെട്ടത് പൊതുവേദികളിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കൾ പ്രദർശിപ്പിക്കാൻ അവസരം നൽകുന്നു	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	സയൻസ് ക്ലബ്

1

	ചാന്ദ്രദിനത്തിനോടനുബന്ധിച്ച് ബഹിരാകാശവുമായി ബന്ധപ്പെട്ട വിവിധതരം പ്രവർത്തനങ്ങൾ ഭൗതികശാസ്ത്രത്തിൽ മികച്ച സംഭാവന നൽകിയ ശാസ്ത്രജ്ഞരുടെ പ്രൊഫൈൽ തയ്യാറാക്കൽ ശാസ്ത്രവുമായി ബന്ധപ്പെട്ട ചാർട്ടുകൾ പോസ്റ്ററുകൾ	വിഷയാനുസൃതമായി	സയൻസ് അധ്യാപകർ	സയൻസ് ക്ലബ്
ശാസ്ത്രത്തിലെ അടിസ്ഥാന അളവുകൾ യൂണിറ്റുകൾ തിരിച്ചറിയുന്നു	വിവിധ പ്രവർത്തനങ്ങൾ ചാർട്ട് പ്രദർശനം	ജൂൺ ജൂലൈ	സയൻസ് അധ്യാപകർ	സയൻസ് ക്ലബ്
ഊർജ്ജത്തിന്റെ ഒരു രൂപമായ ശബ്ദോർജവും അതിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഉപകരണങ്ങളുടെ നിത്യജീവിതത്തിലെ സ്വാധീനവും തിരിച്ചറിയുന്നു	സെമിനാറുകൾ ചർച്ചകൾ വിവരശേഖരണം	അക്കാദമിക വർഷം	സയൻസ് അധ്യാപകർ	സയൻസ് ക്ലബ്
പ്രതിഫലന തത്വത്തെ അടിസ്ഥാനമാക്കിയുള്ളവിവിധ പ്രവർത്തനങ്ങൾ	ചിത്രങ്ങൾ ചർച്ചകൾ	വിഷയാനുശൃതമായി	സയൻസ് അധ്യാപകർ	സയൻസ് ക്ലബ്

കലാവിദ്യാഭ്യാസം

ആമുഖം

പരിഷ്കരിച്ച പാഠ്യപദ്ധതിയും പാഠപുസ്തകവും മുന്നോട്ടുവെക്കുന്ന സമീപനവും, മാറുന്ന വിദ്യാഭ്യാസ രീതികളും പ്രക്രിയയും ലക്ഷ്യമിടുന്നത് അക്കാദമികവും സാമൂഹികവുമായ അറിവുള്ള ഒരു തലമുറയെ വാർത്തെടുക്കുക എന്നതുതന്നെയാണ്. കുട്ടികളുടെ സമഗ്രവികാസം ഉറപ്പാക്കുന്നതിനുള്ള സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വർഷമാണ് ഈ അക്കാദമിക വർഷം. പൊതുവിദ്യാഭ്യാസവകുപ്പ് ലക്ഷ്യമിടുന്ന കുട്ടികളുടെ സമഗ്രവികാസം സാധ്യമാക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് നമ്മുടെ വിദ്യാലയത്തിൽ ഈ വർഷം മുതൽ നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. അത് കേവലം ക്ലാസ് മുറി പ്രവർത്തനങ്ങളിലൂടെ മാത്രം സാധ്യമാകുന്ന ഒന്നല്ല. മറിച്ച് വിദ്യാർത്ഥികളും രക്ഷിതാക്കളും അധ്യാപകരും പൊതുസമൂഹവും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കുമ്പോൾ കുട്ടികൾക്ക് ശരിയായ രീതിയിൽ സാമൂഹികമായി ഇടപെടാനും സാധിക്കുകയും അതിലൂടെ സാമൂഹികമൂല്യബോധവും സഹജീവിസ്നേഹവുമുള്ള കുട്ടികളായി വളരുവാനും സാധിക്കുന്നു. അക്കാദമിക പ്രവർത്തനങ്ങളോടൊടൊപ്പം പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികൾ ഏർപ്പെടേണ്ടതുണ്ട്. സമഗ്രവികാസമെന്നത് കേവലമായ അറിവുല്പാദനമല്ല മറിച്ച് കുട്ടി ജീവിക്കുന്ന കാലഘട്ടത്തോടൊപ്പം നിലനിൽക്കുകതിനാവശ്യമായ അറിവും അനുഭവവും ഉള്ളവരായി മാറുക എന്നതാണ്. അതുകൊണ്ടുതന്നെ ഓരോ കുട്ടിയേയും വ്യക്തിഗതമായിപരിഗണിച്ച് അവരുടെ കഴിവുകളും അതോടൊപ്പം പിന്തുണ ആവശ്യമുള്ളമേഖലകളും കണ്ടെത്തി പരിഹാരപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി സമഗ്ര വികാസം ഉറപ്പുവരുത്തുക എന്നത് എല്ലാവരുടേയും കൂട്ടായ പ്രവർത്തനം ആവശ്യപ്പെടുന്ന ബൃഹത്തായ പദ്ധതിയാണ്. ഓരോ കുട്ടിയും ഓരോ ക്ലാസ്സിലും നേടേണ്ടതായ അറിവും ശേഷിയും ഉറപ്പുവരുത്തുക എന്നതിന്

കലാവിദ്യാഭ്യാസം കൂടിയേതീരൂ. കലാവിദ്യാഭ്യസത്തിലൂടെ കുട്ടികളുടെ വികാസമേഖലകളെയെല്ലാം പരിപോഷിപ്പിക്കാൻ സാധിക്കുന്നു. ചരിത്രത്തിലാദ്യമായി കലാവിദ്യാഭ്യാസ പാഠപുസ്തകങ്ങൾ പൊതുവിദ്യാലയങ്ങളിലേക്ക് എത്തിയിരിക്കുകയാണ്. സംസ്ഥാനത്തെ 5 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ നാടകം, ചിത്ര-ശില്പകല,സംഗീതം,സിനിമ, നൃത്തം എന്നി അഞ്ച് പ്രധാനപ്പെട്ട കലാമേഖലകളെ ഉൾപ്പെടുത്തിയാണ് കലാവിദ്യാഭ്യാസത്തിന്റ പാഠപുസ്തകങ്ങൾ തയ്യാറാക്കിയുള്ളത്. സർഗ്ഗാത്മകചിന്ത, വിമർശനാത്മകചിന്ത, പ്രശ്നപരിഹാരശേഷി തുടങ്ങിയവ വളർത്തുന്നതിനും, സമർദ്ദലഘൂകരണത്തിനും, ക്രിയേറ്റിവ് ഇൻസ്ട്രിയിലേക്കുള്ള തൊഴിൽ സാധ്യതകൾക്കും, കലയിലെ വിവിധ വിഷയങ്ങളിലുള്ള ഉപരിപഠനത്തിലേക്ക് വഴികാട്ടിയായും, അനുഭവാധിഷ്ഠിത പഠനരീതി അവലംബിച്ചു കൊണ്ട് തയ്യാറാക്കിയിട്ടുള്ള ഈ പുസ്തകങ്ങൾ കുട്ടികളുടെ കൈകളിലേക്ക് എത്തിയിരിക്കുന്നത്.

കലാപഠനം എന്നത് കല അറിഞ്ഞ്, അനുഭവിച്ച്, ആസ്വദിച്ച് പ്രവർത്തിക്കേണ്ട വിഷയമായതിനാൽ കുട്ടികൾ മറ്റു ലഹരിതേടി പോകുന്നത് ഒഴിവാക്കാൻ ഏറെ സഹായകമാണ്. ഈ പുസ്തകങ്ങളിലൂടെ കടന്നുപോവുക വഴി വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ അനുശാസിക്കുന്ന 10 ലൈഫ് സ്കില്ലുകളും സ്വായത്തമാക്കുവാനും കുട്ടികൾക്ക് സാധിക്കുന്നു എന്നതും, സർഗാത്മകതയ്ക്ക് ഏറെ പ്രാധാന്യമുള്ള ആധുനികകാലഘട്ടത്തിനോടൊപ്പം സഞ്ചരിക്കാനും നിലനിൽക്കുവാനും കുട്ടികളെ പ്രാപ്തരാകുവാൻ കലാവിദ്യാഭ്യാസപഠനം കൂടിയേ തീരൂ അതുകൊണ്ടുതന്നെ ഇന്ന് കലാപഠനത്തിന്റെ പ്രസക്തി ഏറെയാണ്.

മാനവികതയിലൂന്നിയ ദൃശ്യാസംസ്കാരത്തിലുടെ വളർന്നു വരുന്ന കുട്ടിക്ക് ജീവിതശൈയിലും പഠന പ്രക്രിയയിലും പുതിയ കാഴ്ചപ്പാടുകൾ സൃഷ്ടിക്കുന്നതിന് സഹായിക്കുന്ന സിനിമ, സ്വാതന്ത്ര്യത്തോടെ ചലിക്കാൻ സാധിക്കുമ്പോൾ സമ്മർദങ്ങൾ ലഘുകരിക്കപ്പെടുമെന്നിരിക്കെ ഒരു പാട്ടുകേട്ടാൽ അതിനോടൊപ്പം ചലിക്കുവാനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നതിലൂടെ കുട്ടികൾക്ക് ആത്മവിശ്വാസവും മാനസിക ഉല്ലാസവും ഉണ്ടാക്കുന്ന നൃത്തം, സംഗീത പഠനം അനുഭവവേദ്യമാകുമ്പോൾ ആസ്വാദന ശേഷി വർദ്ധിക്കുകയും ആനന്ദപ്രദമായ അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു. ഒറ്റക്കും കൂട്ടായുമുള്ള പ്രവർത്തനങ്ങളിലൂടെ സ്വയം തിരിച്ചറിയുന്നതിനും പരസ്പര സഹകരണത്തോടെ വർത്തിക്കേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുകയും ചെയ്യുന്നു അതുവഴി മൂല്യസമൂഹ നിർമ്മിതി സാധ്യമാകുകയും ചെയ്യുന്ന സംഗീതം, കുട്ടികളിൽ ആത്മവിശ്വാസം ഏകാഗ്രത പ്രചോദനം സ്വയം പര്യവേഷണക്ഷമത തീരുമാനങ്ങൾ എടുക്കുവാനുള്ള കഴിവ്, സഹാനുഭൂതി, ശാരീരിക ക്ഷമത എന്നിവയുടെ വികാസം സാധ്യമാകുന്ന നാടകം. നിരീക്ഷണ പാടവം, ദൃശ്യബോധം , സാംസ്കാരിക മൂല്യങ്ങൾ, സർഗാത്മകത, ജീവിത നൈപുണികൾ, ദൃശ്യപരമായ ചിന്ത തുടങ്ങിയവ വളർത്തുകയും, ആശയങ്ങളെ/ ചിന്തകളെ സ്വതന്ത്രമായി ആവിഷ്കരിക്കാനുള്ള കഴിവ് ആർജിക്കുകയും അതുവഴി സന്തോഷം ശ്രദ്ധ ആത്മവിശ്വാസം തുടങ്ങിയവ വർദ്ധിക്കുന്നതിനാൽ കുട്ടികളുടെ പഠനത്തിലും സാമൂഹിക ജീവിതത്തിലും ഉണർവുണ്ടാക്കാൻ കലാവിദ്യാഭ്യാസത്തിലൂടെ സാധിക്കുന്നു. എല്ലാവരും കലാ അറിവുള്ളവരായിരിക്കുമ്പോഴാണ് ജ്ഞാന സമൂഹം യാഥാർത്ഥ്യമാകുന്നത്. അനുഭവാവിഷ്ഠിത പഠന സാധ്യത ഏറെയുള്ള മേഖലകളായതു കൊണ്ടുതന്നെ കലാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികളിൽ

ശാരീരികവും മാനസികവും വൈജ്ഞാനികവും സാമൂഹികവുമായ വികാസം സാധ്യമാകുന്നു. കലാപഠനമേഖലകളായ ദൃശ്യശ്രാവ്യ അവതരണങ്ങളിലാണ് സർഗാത്മക ചിന്ത, വിമർശനാത്മകചിന്ത എന്നിവയുടെ സാധ്യത കൂടുതലായി ഉൾപ്പെടുന്നത്. ലോകാരോഗ്യ സംഘടന നിഷ്കർഷിക്കുന്ന ജീവിത നൈപുണികൾ ഉൾച്ചേർത്ത പാഠ്യ പ്രവർത്തനങ്ങൾ ഫലപ്രദമായി കുട്ടികളിലെത്തിക്കാൻ കലാവിദ്യാഭ്യാസത്തിലൂടെ സാധിക്കും. ഹൊവാർഡ് ഗാർഡ്നറുടെ ബഹുമുഖ സിദ്ധാന്തത്തെ കലാപഠനവുമായി ബന്ധപ്പെടുത്തിയാൽ കുട്ടികളുടെ ബുദ്ധിവികാസം മറ്റു വിഷയങ്ങളിൽ നിന്നും വിഭിന്നമായി സ്ഥലപരം- സംഗീത പരം -ചലനാത്മകത തുടങ്ങിയ മറ്റു ബുദ്ധികളെ കൂടി ഉൾച്ചേർക്കുന്നു.

ചിത്രശില്പകല സംഗീതം നൃത്തം നാടകം സിനിമ എന്നീ അഞ്ചു കലാമേഖലകളെ മുൻനിർത്തി തയ്യാറാക്കിയിട്ടുള്ള കലാവിദ്യാഭ്യാസ പാഠപുസ്തകത്തിൽ അതത് മേഖലകളിലെ അറിവുല്പാദനം എന്നതിൽ കവിഞ്ഞ് പ്രസ്തുത കലാമേഖലയുമായി ബന്ധപ്പെട്ട അനുഭവാധിഷ്ഠിത പ്രവർത്തനങ്ങൾ, തുടർ പഠനം, തൊഴിൽ മേഖലകൾ തുടങ്ങിയവ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ കലകളേയും മനസ്സിലാക്കികൊണ്ട് വിദ്യാഭ്യാസ പ്രക്രിയയെ സർഗാത്മകമാക്കുക, നമ്മുടെ ചുറ്റുപാടുകളോടും സഹജീവികളോടുമുള്ള സമീപനത്തിൽ മാതൃകാപരമായ കാഴ്ചപ്പാടുണ്ടാവുക, സമൂഹത്തെ ശക്തിപ്പെടുത്താൻ ഉതകുന്ന നവീന ചിന്തകൾ സൃഷ്ടിക്കുവാനും പങ്കുവെക്കുവാനും പ്രാപ്തരാകുന്ന രീതിയിൽ അറിവും ശേഷിയും നേടുക തുടങ്ങിയവയെല്ലാം കലാവിദ്യാഭ്യാസത്തിലൂടെ മുന്നോട്ട് വെക്കുന്ന ലക്ഷ്യങ്ങളാണ്. കലാസാക്ഷരരായ പൊതുസമൂഹം വളരുന്നതിന് കലാ അറിവുള്ള പുതുതലമുറ വളർന്നുവരേണ്ടതുണ്ട്.

